പട്ടിക-ദളിത് വിഭാഗങ്ങളുടെ ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ

*7 [37] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് :
,, ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടിക-ദളിത് വിഭാഗങ്ങളുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ കാലയളവിൽ പട്ടിക-ദളിത് വിഭാഗങ്ങൾക്ക് എത്ര ഹെക്ടർ ഭൂമി നൽകിയെന്നും എത്ര വീടുകൾ നിർമ്മിച്ചു നൽകിയെന്നും വെളിപ്പെടുത്തുമോ;

(സി) 2003-2004 സാമ്പത്തികവർഷം ഇവരുടെ ഉന്നമനത്തിനായി എന്തുതുക ചെലവഴിച്ചുവെന്നും 2004-2005 സാമ്പത്തികവർഷം എന്തു തുക ചെലവഴിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വിശദമാക്കുമോ?

പിന്നോക്കപട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ കുട്ടപ്പൻ) :

(എ) പട്ടിക വർഗ്ഗ വികസന വകുപ്പും പട്ടികജാതി വികസന വകുപ്പും നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച് വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) പട്ടികജാതി വികസന വകുപ്പിൽ ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നല്കുന്ന പദ്ധതി അനുസരിച്ച് 4015 പേർക്ക് ധനസഹായം നല്കിയിട്ടുണ്ട്. ഭവന രഹിതരായവർക്ക് വീട് നിർമ്മിക്കുന്ന പദ്ധതി പ്രകാരം 6852 വീടുകൾ പണി പൂർത്തീകരിച്ചിട്ടുണ്ട്.

ആദിവാസി പുനരധിവാസ മിഷൻ മുഖേന 2862.38 ഏക്കർ ഭൂമി പട്ടിക വർഗ്ഗക്കാർക്ക് നൽകിയിട്ടുണ്ട്. വീടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ പരിപാടിയിൽ ഉൾപ്പെടുത്തി 4517 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പിൽ 2003-2004 വർഷത്തിൽ നാളിതുവരെ 5650 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2004-2005 വർഷത്തിൽ ചെലവഴിക്കാൻ സാധിക്കുന്ന തുക ബഡ്ജറ്റ് അവതരണത്തിനുശേഷമേ കൃത്യമായ കണക്ക് ലഭിക്കുകയുള്ളു.

2003-2004 സാമ്പത്തിക വർഷം പട്ടികവർഗ്ഗ ഉപപദ്ധതിക്കുവേണ്ടി 1328.61 ലക്ഷം രൂപ 31-12-2003 വരെ ചെലവഴിച്ചതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

2004-2005 വർഷത്തെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം എത്രയാണെന്ന് ബഡ്ജറ്റ് അവതരണത്തിനുശേഷമേ അറിയുവാൻ കഴിയുകയുള്ളു.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly